പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ. 1552

14/12/2012-ൽ മറുപടിക്ക്

## നഗരസഭയിലെ കണ്ടിജന്റ് വിഭാഗം ജീവനക്കാർ

ചോദ്യം

ശ്രീ. എം. വി. ശ്രേയാംസ് കുമാർ

ഉത്തരം

ശ്രീ. മഞ്ഞളാംകുഴി അലി,
(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി)

(എ) വയനാട് ജില്ലയിലെ കൽപ്പറ്റ മുനിസിപ്പാലിറ്റിയിലെ കണ്ടിജന്റ് വിഭാഗം താത്കാലിക ജീവനക്കാരുടെ പ്രയാസങ്ങൾ സംബന്ധിച്ച് സമർപ്പിച്ച നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(ബി) കൽപ്പറ്റ നഗരസഭയിൽ കണ്ടിജന്റ് വിഭാഗം ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതു സംബന്ധിച്ച് നഗരസഭാ കൗൺസിലിന്റെ ആവശ്യത്തിന്മേൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ ;

(സി) ജില്ല ആസ്ഥാനമെന്ന നിലയിൽ കൽപ്പറ്റ നഗരസഭയിലെ കണ്ടിജന്റ് ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ ?

(എ) & (ബി) & (സി) കൽപ്പറ്റ നഗരസഭയിൽ താത്ക്കാലികമായി സേവനമനുഷ്ഠിച്ചുവരുന്ന ശുചീകരണ തൊഴിലാളികളെ സ്ഥിരപ്പെടുത്തുന്നതിനായി കണ്ടിജന്റ് വിഭാഗത്തിൽ അധിക തസ്തികകൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച നഗരസഭയുടെ ആവശ്യം കൗൺസിൽ തീരുമാനപ്രകാരം ശുപാർശ ചെയ്ത് നഗരകാര്യ ഡയറക്ടർ ലഭ്യമാക്കിയിരുന്നു. ഇക്കാര്യം പരിശോധിച്ച്, 03/11/2006 ലെ സ.ഉ.(സാധ)നം. 2748/06/തസ്വഭവ. ന്റെ അടിസ്ഥാനത്തിൽ ശുചീകരണ തൊഴിലാളികളുടെ എണ്ണം തുലോം കുറവാണെങ്കിൽ അത്യാവശ്യം തൊഴിലാളികളെ ദിവസക്കൂലിയടിസ്ഥാനത്തിൽ ശുചീകരണ പ്രവർത്തനത്തിന് നിയോഗിക്കുന്നതിന് നഗരകാര്യ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കൽപ്പറ്റ നഗരസഭയുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് ദിവസവേതന അടിസ്ഥാനത്തിൽ തൊഴിലാളികളെ നിയമിക്കുന്നതിന് സർക്കാരിൽ നിന്നും ഇതിനകം തന്നെ അനുമതി നൽകിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ